# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3017

07.11.2019-ൽ മറുപടിക്ക്

## പട്ടാമ്പിയിൽ പുതിയ പാലത്തിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഭാരതപ്പുഴയ്ക്ക് കുറുകെ പട്ടാമ്പിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ; ഈ പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; പുതിയ പാലത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സ.ഉ (സാധാ) നം.942/2017/പൊ.മ.വ തീയതി 10.07.2017 പ്രകാരം 3,000.00 ലക്ഷം രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 30 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 25.84 കോടി രൂപയുടെ ഡി.പി.ആർ കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടിയും നൽകിയിട്ടുണ്ട്. പട്ടാമ്പിയേയും ഞാങ്ങാട്ടിരിയേയും ബന്ധപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന ഈ പാലത്തിന് 14 സ്പാൻ ഉൾപ്പെടെ 370.24 മീറ്റർ നീളമാണ് ഡിസൈൻ പ്രകാരം ഉള്ളത്. പട്ടാമ്പിയും ഞാങ്ങാട്ടിരിയും ഉൾപ്പെട്ട 246 മീറ്റർ അപ്രോച്ച് റോഡും (ഞാങ്ങാട്ടിരി -174 മീറ്റർ, പട്ടാമ്പി 72 മീറ്റർ) ഈ നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇരുഭാഗങ്ങളിലുമായി 17.29 സെന്റ് സ്ഥലം (പട്ടാമ്പി-7.4 സെന്റ്, ഞാങ്ങാട്ടിരി 9.88 സെന്റ്) ഏറ്റെടുക്കേണ്ടതായി വരും. |
| (ബി) പാലത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ എന്നു ആരംഭിക്കുവാൻ സാധിക്കും; പ്രവർത്തനം എന്ന് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ? | (ബി) | കിഫ്ബി-യിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമായതിനു ശേഷം സാങ്കേതികാനുമതിക്ക് എസ്റ്റിമേറ്റ് കിഫ്ബി-യിൽ സമർപ്പിച്ച് സാങ്കേതികാനുമതി ലഭിക്കേണ്ടതുണ്ട്. സാങ്കേതികാനുമതി ലഭിച്ച് കഴിഞ്ഞാൽ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും. എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ